# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

DR. THEODOSIUS MAR THOMA METROPOLITAN ★ MALANKARA MAR THOMA SYRIAN CHURCH ★ LIGHTED TO LIGHTEN

**സർക്കുലർ നമ്പർ: 177**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

സഭയുടെ ശുശ്രൂഷയും സാക്ഷ്യവും വിശ്വാസ്യതയോടെയും നിയമാനുസൃതമായും മുന്നോട്ടു കൊണ്ടുപോകുന്നതിന് സാമ്പത്തിക ഇടപാടുകളിൽ പരമാവധി സുതാര്യതയും ഉത്തരവാദിത്വവും അനിവാര്യമാണ്. നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൊണ്ടു വന്നിട്ടുള്ള നികുതി നിയമങ്ങളും അക്കൗണ്ടിംഗ് ചട്ടങ്ങളും കർശനമായി പാലിക്കേണ്ടതാകയാൽ, താഴെപ്പറയുന്ന നിർദേശങ്ങൾ എല്ലാ ഇടവകകളും സംഘടനകളും സ്ഥാപനങ്ങളും നിർബന്ധമായും പാലിക്കണമെന്ന് അറിയിക്കുന്നു.

1. മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ വിവിധ സമിതികളിലെ സാമ്പത്തിക, അക്കൗണ്ടിംഗ് നടപടി ക്രമങ്ങൾ ഇന്ത്യാ ഗവൺമെന്റ് അനുശാസിക്കുന്ന അക്കൗണ്ടിംഗ് രീതികളും നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനു സഹായകമായി അക്കൗണ്ടിംഗിനും ഓഡിറ്റിംഗിനും ഉപയുക്തമാകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ (Accounting and Auditing Guidelines book) പ്രസിദ്ധികരിച്ചിട്ടുണ്ട്. അവ പാലിച്ചു കൊണ്ട് സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കണം.
2. എല്ലാ ഇടവകകളും ഇടവകയുടെ സംഘടനകളും വർഷാന്ത്യത്തിൽ കണക്കുകൾ സംയോജിപ്പിച്ച്, പൊതുയോഗം നിയമിക്കുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റിംഗ് നടത്തി നൽകുന്ന Form 10B ഓഡിറ്റ് റിപ്പോർട്ടോട് കൂടി (ആദായ നികുതി വകുപ്പ് നിയമപ്രകാരം കാലാകാലങ്ങളിൽ ഭേദപ്പെടുത്തുന്ന ഫോമുകളിലോ) ഭദ്രാസന ഓഫീസുകളിൽ നിർബന്ധമായും സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്. സഭയുടെ പാനിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും, സംഘടനകളും, ഭദ്രാസനങ്ങളും ഇവ്വണ്ണം കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സഭാ ഓഫീസിൽ നിർദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.
3. 2025-26 സാമ്പത്തിക വർഷം മുതൽ Income & Expenditure Account, Balance Sheet എന്നിവ Vertical Format-ലും Form 10B Summary Sheet-ന്റെ പുതിയ മാതൃകയിലും തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. Receipts & Payments Account-ൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. ഈ മാറ്റങ്ങൾ കണക്കിന്റെ ചുമതല വഹിക്കുന്ന ട്രസ്റ്റിമാർ, ട്രഷറർമാർ പ്രത്യേകം ശ്രദ്ധിക്കണം. സഭയുടെ വെബ്സൈറ്റിൽ (www.marthoma.in) ഈ സ്റ്റേറ്റ്മെന്റുകളുടെ ഫോർമാറ്റുകൾ ലഭ്യമാണ്. മൈക്രോസോഫ്റ്റ് എക്സൽ ഫോർമാറ്റിൽ ഇമെയിൽ മുഖേന പട്ടക്കാർക്ക് അയച്ചു തരുന്നതുമാണ്.
4. 2026-27 സാമ്പത്തിക വർഷം മുതൽ പണമായോ A/C payee Cheque/DD/ NEFT/RTGS/IMPS എന്നിവയിലുടെയോ 1 ലക്ഷത്തിൽ അധികം സംഭാവന നൽകുന്നവരുടെ PAN കാർഡ് അല്ലെങ്കിൽ ആധാർ കാർഡ് കോപ്പി സൂക്ഷിക്കേണ്ടതാണ്.
5. ഭൂമി, കെട്ടിടം, വാഹനം തുടങ്ങിയ സ്ഥിര ആസ്തികൾ (Fixed Assets) വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന എല്ലാ ഇടപാടുകളിലും ബന്ധപ്പെട്ട സർക്കാർ നിയമങ്ങൾ എല്ലാം കൃത്യമായി പാലിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഇടപാടുകൾ നടത്തുന്നതിനു മുമ്പായും, തുടർന്നും, ആവശ്യമായ എല്ലാ രേഖകളോടും കൂടി (പ്രമാണങ്ങൾ, ഇൻവോയിസ്കൾ, ആർ. സി. ബുക്ക് മുതലായവ) സഭാ ഓഫീസിനെ അറിയിക്കേണ്ടതാണ്.
6. ആദായ നികുതി നിയമപ്രകാരം ബാങ്കിൽ നിന്നും നിശ്ചിത പരിധിക്ക് മുകളിലുള്ള Cash Withdrawal നടത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് 2% TDS ബാങ്കുകൾ ഈടാക്കുന്നുണ്ട്. അതിനാൽ, സാധ്യമായ സന്ദർഭങ്ങളിലെല്ലാം ബാങ്ക് ഇടപാടുകൾ (A/C payee Cheque/DD/ NEFT/RTGS/IMPS) നടത്തുകയും, പണമായി പിൻവലിക്കുന്നത് പരമാവധി ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. 10,000 രൂപയിൽ കൂടുതൽ

പണമായി ചെലവിനത്തിൽ നല്കുവാൻ പാടില്ല എന്നത് വീണ്ടും ഓർമിപ്പിക്കുന്നു. കല്പന പ്രകാരമുള്ള വരവുകൾ ഇനം മാറ്റി ചിലവഴിക്കാൻ പാടില്ലാത്തതുമാകുന്നു.

7. ഭാരതസർക്കാർ GST നിരക്കുകളിൽ ഭേദഗതി വരുത്തിയിരിക്കുന്നതിനാൽ, താഴെപ്പറയുന്ന GST നിരക്കുകൾ ബാധകമായിരിക്കുന്നതാണ്.
   - പാരിഷ് ഹാൾ/പരിസരം/മൈതാനം എന്നിവയുടെ വാടക ഒരു ദിവസം 10,000/- രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ – **18%** (കോഷൻ ഡെപ്പോസിറ്റും തിരികെ നൽകുന്ന ഏതു തുകയും ഇതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.)
   - മുറി (ഗസ്റ്റ് റൂം) വാടക ഒരു ദിവസം 1,001/- മുതൽ 7500/- വരെ – **5%**
   - മുറി (ഗസ്റ്റ് റൂം) വാടക ഒരു ദിവസം 7,501/- രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ – **18%**
   - കടമുറി വാടക ഒരു മാസം 10,000/- രൂപയോ അതിൽ കുടുതലോ ആണെങ്കിൽ – **18%**
   - കലണ്ടർ, ഡയറി, സി.ഡി എന്നിവയുടെ വില്പന – **18%**
   - പരസ്യങ്ങളിലൂടെയോ സ്പോൺസർഷിപ്പുകളിലൂടെയോ നേരിട്ടോ അല്ലാതെയോ ആനുകൂല്യങ്ങൾ പ്രതീക്ഷിച്ച് സംഭാവന നൽകുന്നവർ ആണെങ്കിൽ – **18%**
   - കാർഷിക ഇതര വസ്തുക്കളുടെ ലേലം – **18%**
   - കാന്റീൻ / ഭക്ഷണ ശാലകളിലൂടെയുള്ള വില്പന – **5 %**
   - ഏതൊരു പരിപാടിയുടെയും പ്രവേശന ടിക്കറ്റ് തുക 500/- രൂപയിൽ അധികരിക്കുകയാണങ്കിൽ – **18%**
   - ടെണ്ടർ വില്പന – **18%**

GST സംബന്ധമായ മറ്റു നിയമാവലികൾ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 316 –ാം നമ്പർ കല്പനയിൽ നല്കിയിട്ടുള്ളവയും പാലിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ സഭയുടെ എല്ലാ തലങ്ങളിലും പാലിക്കപ്പെടുന്നു എന്ന ഉറപ്പു വരുത്തുന്നതോടൊപ്പം രാജ്യത്തിന്റെ സാമ്പത്തിക നിയമ വ്യവസ്ഥകൾക്കനുസൃതമായി സുതാര്യമായി പ്രവർത്തിക്കേണ്ടതും അത്യന്താപേഷിതമാണ്.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 ഫെബ്രുവരി 11–ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 177**

*Blessings to all the Vicars, resident clergy, trustees*
*and members of all the parishes under our authority.*

Beloved in the Lord,

The highest level of accountability and fair transparency in financial transactions is necessary for the faithful, lawful, and credible continuation of the Church's ministry and witness. Given the current Central and State Governments' enforcement of tax laws and accounting regulations, all our parishes, organizations, and institutions are required to closely follow these guidelines:

1. The financial and accounting procedures of the parishes, organizations, and institutions of the Malankara Mar Thoma Syrian Church must be prepared in accordance with the accounting standards, rules, and regulations prescribed by the Government of India. Guidelines useful for accounting and auditing purposes (Accounting & Auditing Guidelines book) have been published to assist in this regard. All financial matters must be carried out efficiently in compliance with these guidelines.

2. At the end of every financial year, all parishes and parish organizations must consolidate their accounts duly certified by a Chartered Accountant appointed by the General Body, and submit the audit report in Form 10B (in any other form or manner mandated by the Income Tax department from time to time), to the respective Diocesan Offices within the stipulated time. The Organisations, Institutions and Dioceses which comes under the PAN of Sabha shall follow the above and submit the Accounts and Audit report to the Sabha Office within the stipulated time.

3. From the financial year 2025–26 onwards, the Income & Expenditure Account, and Balance Sheet must be prepared and submitted in Vertical format, and in the revised format of Form 10B Summary Sheet. Certain changes have been made in the Receipts & Payments account also. The Trustees/Treasurers who are in charge of preparing accounts shall diligently follow these changes. These updated formats are made available on the Church website (www.marthoma.in). The Microsoft Excel file of these formats will also be shared with the Vicars via email.

4. From the financial year 2026-27, a copy of the PAN card or Aadhaar card shall be kept in the file, of those who donate more than 1 lakh in cash or through Account Payee Cheque / Demand Draft / UPI / RTGS / NEFT, etc.

5. In all transactions involving the purchase or sale of fixed assets such as land, buildings, and vehicles, all applicable Government laws must be strictly followed. Whenever such transactions are undertaken, the Sabha Office must be informed in advance and subsequently with all necessary documents such as land deeds, invoices, R.C. Book etc.

6. The Income Tax Act require banks to levy 2% TDS on cash withdrawals exceeding the prescribed limit. Therefore, as far as possible, all transactions should be carried out through banking channels (Account Payee Cheque / Demand Draft / UPI / RTGS / NEFT, etc.), and cash withdrawals should be minimized. It is once again reminded that payments exceeding 10,000

shall not be made in cash. Income received for specific purposes mentioned in Circulars shall not be diverted for other expenses.

7. As the Government of India has amended GST rates, the following GST rates are applicable:

- Parish hall/premises/ground rent of 10,000 or more per day – **18%** (Caution deposit and any refundable amount may be excluded.)
- Guest room rent per day from 1,001 to 7,500 – **5%**
- Guest room rent per day 7,501 or above – **18%**
- Shop room rent of 10,000 or more per month – **18%**
- Sale of calendars, diaries, CDs – **18%**
- Donations given in expectation of benefits through advertisements, sponsorships, or otherwise – **18%**
- Auction of non-agricultural items – **18%**
- Sales through canteens/food stalls – **5%**
- Entry tickets for any program exceeding 500 – **18%**
- Tender sales – **18%**

The other regulations regarding GST given in the circular No. 316 of Dr. Joseph Mar Thoma Metropolitan shall also be adhered strictly.

Along with ensuring that the above instructions are implemented at all levels of the Church, it is imperative that we function transparently in accordance with the financial legal framework of the country.

May the grace of our Lord Jesus Christ be with you all.

Dated 11th February 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**